**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4859** **20-03-2025 - ൽ മറുപടിയ്ക്ക്**

**നഗരപാത വികസന പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നഗരപാത വികസന പദ്ധതിയുടെ ഭാഗമായി പനാത്ത് താഴം- സരോവരം ഫ്ലൈഓവർ, മാനാഞ്ചിറ പാവങ്ങാട് റോഡ് എന്നിവയുടെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് നഗരപാത വികസന പദ്ധതി ഘട്ടം രണ്ടിന് 13.03.2024-ലെ സർക്കാർ ഉത്തരവ് G.O(Ms) No. 17/2024/PWD പ്രകാരം 1312.679 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയിൽ ക്ലസ്റ്റർ 2-ൽ ഉൾപ്പെട്ടതാണ് സി.ഡബ്ല്യൂ.ആർ.ഡി.എം-പനാത്തുതാഴം ഫ്ലൈഓവർ (1.072 കി.മീ), ക്ലസ്റ്റർ 3-ൽ ഉൾപ്പെട്ടതാണ് മാനാഞ്ചിറ-പാവങ്ങാട് റോഡ് (7.1 കി.മീ). ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി 07.12.2024-ൽ സി.ഡബ്ല്യൂ.ആർ.ഡി.എം - പനാത്തുത്താഴം ഫ്ലൈഓവർ, മാനാഞ്ചിറ - പാവങ്ങാട് റോഡിന്റെ 6(1) നോട്ടിഫിക്കേഷൻ 10.12.2024-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ട് റോഡുകളുടെയും അതിർത്തിയിൽ കല്ലിടുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | റവന്യൂ വകുപ്പിൽ നിന്നും കണ്ടിജന്റ് ചാർജ്ജ് അടവാക്കുന്നതിനുള്ള നിർദ്ദേശങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | കോഴിക്കോട് നഗരപാത വികസന പദ്ധതി ഘട്ടം രണ്ടിൽ ഉൾപ്പെട്ട സി.ഡബ്ല്യൂ.ആർ.ഡി.എം -പനാത്തുതാഴം ഫ്ലൈഓവർ, മാനാഞ്ചിറ-പാവങ്ങാട് റോഡ് എന്നീ റോഡുകൾക്ക് കണ്ടിജൻസി ചാർജ് ഇനത്തിൽ ഓരോ റോഡിനും അനുവദനീയമായ 50 ലക്ഷം രൂപ വീതംഅനുവദിക്കുന്നത് സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | പദ്ധതിയുടെ നടത്തിപ്പ് വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പദ്ധതിയുടെ നടത്തിപ്പ് വേഗത്തിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ